# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :2038** **07.07.2015 ൽ മറുപടിയ്ക്ക്**

### കാറ്റാടിപ്പാടം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>,, എ.റ്റി.ജോർജ്<br>,, പി.എ.മാധവൻ<br>,, സണ്ണി ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാ ക്കുമോ; | (എ) ഉണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ പൊതുമേഖലാ സ്ഥാപനമായഎൻ.എച്ച്.പി.സിയുമായി കേരള സർക്കാർ 01.06.2014 -ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻ പ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് വൈദ്യുതി പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിലായി സ്ഥാപിക്കുവാനുള്ള നടപടികൾ എൻ.എച്ച്.പി.സിയുടെ ആഭിമുഖ്യത്തിൽ പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ (C-WET (NIWE) ന്റെ സഹായത്തോടുകൂടി നടത്തിയ പഠനത്തിൽ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ 82 മെഗാവാട്ട് കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കാൻ സാധിക്കുമെന്ന് കണ്ടെത്തുകയുണ്ടായി. |
| (സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ എൻ.എച്ച്.പി.സി യുമായി കേരള സർക്കാർ 01.06.2014 ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. പ്രസ്തുത പദ്ധതിയ്ക്കായി എൻ.എച്ച്.പി.സി തയ്യാറാക്കിയ DPR (Detailed Project Report) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിശോധിക്കുകയും ആവശ്യമായ തിരുത്തലുകൾ വരുത്തി പുതുക്കി നൽകുന്നതിനായി എൻ.എച്ച്.പി.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം DPR പുതുക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.പി.സി സ്വീകരിച്ചു വരുന്നു. |

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്നു വിശദമാക്കുമോ;

(ഇ) പദ്ധതി നടത്തിപ്പിന് കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ഡി) പ്രസ്തുത പദ്ധതിയിലൂടെ ഒന്നാം ഘട്ടത്തിൽ 82 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഇ) പാലക്കാട് ജില്ലയിലെ അഗളി, ഗൂളിക്കടവ്, കതിരംപതി, കവുണ്ടിക്കൽ, കോട്ടത്തറ, നല്ലസിംഗം, ഒമ്മല, ഷോളയൂർ എന്നീ പ്രദേശങ്ങളാണ് പ്രസ്തുത പദ്ധതിക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ